# സാമൂഹിക പ്രത്യാഘാത പഠന റിപ്പോർട്ട്

## കാഞ്ഞിരപ്പള്ളി ബൈപ്പാസ് പദ്ധതി
## (കൂടുതലായി ഏറ്റെടുക്കുന്ന ഭൂമി)
## 0.803 ഹെക്ടർ

## അന്തിമ റിപ്പോർട്ട്

റിക്വസിഷൻ അധികാരി
കേരളാറോഡ്സ് & ബ്രിഡ്ജ്സ് ഡവലപ്മെന്റ് കോർപ്പറേഷൻ


കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ്
കളക്ട്രേറ്റ് പി.ഒ, മുള്ളൻകുഴി, കോട്ടയം : 686002
ഫോൺ : 0481 2572781, 2573875
E-mail :keralavhs@yahoo.co.in
Web :www.keralavhs.com


KERALA VOLUNTARY HEALTH SERVICES * VHS * MULLANKUZHI COLLECTORATE P.O. KOTTAYAM-2

## ഉള്ളടക്കം


അദ്ധ്യായം - 1- പഠന റിപ്പോർട്ട് - രത്ന ചുരുക്കം

1.1 ആമുഖം - പദ്ധതിയും പൊതു ആവശ്യവും

1.2 പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

(എ). ഭൂമി ഏറ്റെടുക്കൽ അധികാരി

(ബി).പദ്ധതി ബാധിതരുടെ വിവരങ്ങൾ

(സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

(ഡി). സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം

1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർദ്ദേശങ്ങൾ

1.5. സാമൂഹിക പ്രത്യാഘാതം

1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

1.7. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

അദ്ധ്യായം 2-. പദ്ധതി വിശദീകരണം

2.1. പശ്ചാത്തലവും ഭരണ നിർവ്വഹണ ഏജൻസികളുടെ വിശദാംശങ്ങളും

2.1.1. റിക്വസിഷൻ അധികാരി

2.1.1. (എ).കേരളാ റോഡ്സ് & ബ്രിഡ്ജ്സ് ഡവലപ്മെന്റ് കോർപ്പറേഷൻ

2.1.2. ഭൂമി ഏറ്റെടുക്കൽ - കാര്യ നിർവ്വഹണ വിഭാഗം

2.2. പദ്ധതിയുടെ പൊതു ആവശ്യ പ്രസക്തി

2.3. പദ്ധതിയുടെ സ്വഭാവം, ഘടന, പ്രദേശം, ലക്ഷ്യം, ചിലവ്, പ്രാപ്തി, നഷ്ടം എന്നിവ

2.3.1. പദ്ധതി പ്രദേശം

2.4. പദ്ധതി നിർവ്വഹണ ഘട്ടം

2.5. പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ

2.6. പദ്ധതിക്ക് സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.7. ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത

2.8. സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ

2.9. പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

അദ്ധ്യായം 3- സാമൂഹിക പ്രത്യാഘാത പഠനം - സമീപനവും രീതി ശാസ്ത്രവും

3.1. പശ്ചാത്തലം

3.2. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

3.3. പഠന സമീപനം

3.4. പദ്ധതിയുടെ രീതി ശാസ്ത്രവും നടപ്പിലാക്കിയ മാർഗ്ഗങ്ങളും

3.5. വിവര ശേഖരണ കേന്ദ്രങ്ങൾ

3.6. നടപടികളും സമയക്രമങ്ങളും

3.7. പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

3.8. പബ്ലിക് ഹിയറിംഗ്


SHAK ★ KERALA VOLUNTARY HEALTH SERVICES ★ MULLANKUZHI, COLLECTORATE P.O., KOTTAYAM-2

## അദ്ധ്യായം 4- പദ്ധതി ഭൂമിയുടെ വിശകലനം

4.1. ഭൂമിയുടെ വിവരണം

4.2. പദ്ധതി പ്രദേശത്തിൽ ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം.

4.3. പദ്ധതിക്ക് ആവശ്യമായ ഭൂമിയുടെ വിവരണം.

4.4. പദ്ധതി ബാധിക്കുന്ന പൊതു ഉപയോഗ വസ്തുക്കളുടെയും പൊതു സ്വത്തിന്റെയും വിവരണം.

4.5. പദ്ധതിക്കുവേണ്ടി ഏതെങ്കിലും ഭൂമി മുൻകൂട്ടി വാങ്ങുകയോ മാറ്റിവയ്ക്കപ്പെടുകയോ, വാടകയ്ക്ക് എടുക്കുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരണം.

4.6. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്ഥാനം, വിസ്തീർണ്ണം മറ്റു വിവരങ്ങൾ

4.7. പദ്ധതി ബാധിത പ്രദേശത്തിന്റെ സ്വഭാവം, ഘടന, കൃഷി രീതി, ജല ലഭ്യത

4.8. വസ്തുവിന്റെ വിസ്തൃതി, ഉടമസ്ഥതാ സ്വഭാവം, വിവരണം, താമസ ഭവനങ്ങളുടെ എണ്ണം.

4.9. ഭൂമി വില, ഉടമസ്ഥാവകാശത്തിലെ മാറ്റങ്ങൾ, ഭൂമി കൈമാറ്റം, ഭൂമിയുടെ ഉപയോഗം- കഴിഞ്ഞ 3 വർഷങ്ങളിൽ

## അദ്ധ്യായം 5 - ബാധിക്കപ്പെടുന്ന കുടുംബങ്ങളുടെ എണ്ണവും നഷ്ടപ്പെടുന്ന സ്വത്ത് വിവരങ്ങളും

5.1. പദ്ധതി നേരിട്ട് ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

5.2. പദ്ധതി നേരിട്ട് അല്ലാതെ ബാധിക്കപ്പെടുന്ന കുടുംബങ്ങൾ

5.3. ഉപയോഗ പ്രദമായതും അല്ലാത്തതുമായ ഭൂമിയുടെയും, മറ്റ് സ്വത്തുക്കളുടെയും വിവരങ്ങൾ

## അദ്ധ്യായം 6- പദ്ധതി ബാധിതരുടെ സാമൂഹ്യ- സാമ്പത്തിക- സാംസ്കാരിക വിവരങ്ങൾ

6.1. ജനസംഖ്യ വിവരങ്ങൾ

6.2. പദ്ധതി ബാധിതരായ ഭൂവുടമകളുടെ വയസ്സ് തിരിച്ചുള്ള വിവരണം

6.3. കുടുംബാംഗങ്ങളുടെ എണ്ണം അനുസരിച്ച് ഭൂവുടമകളുടെ വിവരണം.

6.4. വിദ്യാഭ്യാസ നിലവാരത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ

6.5. മതത്തിന്റെ അടിസ്ഥാനത്തിൽ ഭൂവുടമകൾ

6.6. ഭൂവുടമകളുടെ സാമ്പത്തിക സ്ഥിതി

6.7. ജോലി അടിസ്ഥാനമാക്കി ഭൂവുടമകൾ

6.8. വരുമാന അടിസ്ഥാനത്തിൽ ഭൂവുടമകളായ പദ്ധതി ബാധിതരുടെ വിവരങ്ങൾ

6.9. പദ്ധതി ബാധിതരുടെ - ആരോഗ്യ വിവരങ്ങൾ

6.10. പദ്ധതി ബാധിതരുടെ കുടുംബാംഗങ്ങളുടെ സാമൂഹ്യ - സാമ്പത്തിക വിവരങ്ങൾ

6.10.1. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളുടെ പ്രായം തിരിച്ചുള്ള വിവരങ്ങൾ

6.10.2. പദ്ധതി ബാധിതരായ കുടുംബാംഗങ്ങളും വിദ്യാഭ്യാസ നിലവാരം അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ

## അദ്ധ്യായം 7 - സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതി

7.1. പ്രത്യാഘാത ലഘൂകരണ നടപടികൾ

KERALA VOLUNTARY HEALTH SERVICES * SHAJ * MULLANKUZHI COLLECTORATE P.O. KOTTAYAM-2

7.2. പുനരധിവാസ പുനസ്ഥാപന പ്രക്രിയയിൽ ഉൾപ്പെടുത്തേണ്ട നിബന്ധനകൾ

7.3. പദ്ധതിക്ക് വേണ്ടി ഭൂമി ആവശ്യപ്പെടുന്ന കിൻഫ്ര പ്രത്യേകമായി മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ

7.4. സാമൂഹിക പ്രത്യാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് വരുത്തേണ്ട മാറ്റങ്ങളും കൂട്ടിചേർക്കേണ്ട കാര്യങ്ങളും

7.5. പ്രത്യാഘാത ലഘൂകരണ മാർഗ്ഗം- വിശദാംശങ്ങൾ

അദ്ധ്യായം 8- സാമൂഹ്യ പ്രത്യാഘാത പരിഹാര നിർവ്വഹണ പദ്ധതിയുടെ നടപ്പാക്കൽ സംവിധാന ഘടന

8.1. സ്ഥാപന ഘടനാ സംവിധാനം

അദ്ധ്യായം 9- സാമൂഹിക പ്രത്യാഘാത് കാര്യ നിർവ്വഹണവും ബജറ്റും പ്രത്യാഘാത ലഘൂകരണത്തിന് വേണ്ടിയുള്ള സാമ്പത്തികവും

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള ചിലവ്

9.2. വാർഷിക ബജറ്റും പദ്ധതി രൂപരേഖയും

9.3. സാമ്പത്തിക സ്രോതസ്സും വിശദീകരണവും

അദ്ധ്യായം 10- സാമൂഹിക പ്രത്യാഘാത കാര്യ നിർവ്വഹണ പദ്ധതി - മേൽനോട്ടവും വിലയിരുത്തലും

10.1. പ്രധാനപ്പെട്ട മേൽനോട്ട വിലയിരുത്തൽ സൂചകങ്ങൾ

10.2. മേൽനോട്ടവും റിപ്പോർട്ടിംഗും

10.3. സ്വതന്ത്രമായ വിലയിരുത്തലിന് വേണ്ടിയുള്ള പദ്ധതി

അദ്ധ്യായം 11 -സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

അനുബന്ധരേഖകൾ

1. പദ്ധതി ബാധിതരുടെ പേരു വിവരങ്ങൾ
2. ഫോട്ടോഗ്രാഫ്
3. പത്രപ്പരസ്യം- ഫോം.നം.5- നോട്ടിഫിക്കേഷൻ
4. നോട്ടീസ്
5. പബ്ളിക് ഹിയറിംഗ്- ഹാജർ
6. ഗസറ്റ് നോട്ടിഫിക്കേഷൻ



KERALA VOLUNTARY HEALTH SERVICES * SHA *
MULLANKUZHI COLLECTORATE P.O. KOTTAYAM-2

# കാഞ്ഞിരപ്പള്ളി ബൈപ്പാസ് പദ്ധതി

## സാമൂഹിക പ്രത്യാഘാത പഠനം

### അദ്ധ്യായം - 1

### പഠന റിപ്പോർട്ട്- രത്ന ചുരുക്കം

#### 1.1. ആമുഖം - പദ്ധതിയും പൊതു ആവശ്യവും

കൊല്ലം തേനി ദേശീയ പാതയിലെ കാഞ്ഞിരപ്പള്ളി പട്ടണപ്രദേശത്തെ അനിയന്ത്രിതമായ ഗതാഗത കുരുക്കിന് ശാശ്വത പരിഹാരം എന്ന നിലയിലാണ് കാഞ്ഞിരപ്പള്ളി ബൈപ്പാസ് പദ്ധതി നടപ്പിലാക്കാൻ കേരള സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പദ്ധതിക്ക് ആവശ്യമായ 9.59422 ഏക്കർ (3.8843 ഹെക്ടർ) ഭൂമിയുടെ 3.0813 ഹെക്ടർ 2017 മെയ് മാസം 8-ാം തീയതി പുറത്തിറക്കിയ ഗസറ്റ് നോട്ടിഫിക്കേഷനിലൂടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിന് വിധേയമാക്കുകയും കേരള വോളന്ററി ഹെൽത്ത് സർവ്വീസസ് പ്രസ്തുത പഠനത്തിന്റെ അന്തിമ റിപ്പോർട്ട് 2018 ജനുവരി 12-ാം തീയതി സമർപ്പിക്കുകയുണ്ടായി. എന്നാൽ പ്രസ്തുത പഠനത്തിന് ശേഷം പദ്ധതി നടപ്പാക്കൽ ഏജൻസി സുരക്ഷിതത്തിനും ദീർഘകാല ലക്ഷ്യത്തിനും പ്രാധാന്യം കൊടുത്തു കൊണ്ട് പദ്ധതിയുടെ തുടക്ക ഭാഗത്തും അവസാനിക്കുന്ന ഭാഗത്തും കൂടുതൽ വികസനങ്ങൾക്കായും, പദ്ധതി ബാധിക്കുന്ന ഒരു ഇട റോഡിന്റെ പുനസ്ഥാപനത്തിനായും കൂടുതൽ ഭൂമി ആവശ്യം ഉണ്ട് എന്ന് കാട്ടി അഭ്യർത്ഥന നൽകുകയും ആയതിന്റെ ഭാഗമായി കൂടുതലായി വേണ്ടിവരുന്ന ഭൂമിക്കു വേണ്ടി സാമൂഹ്യ പ്രത്യാഘാത പഠനം നടത്താൻ കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസിനെ ചുമതലപ്പെടുത്തി 2019 ഫെബ്രുവരി 21-ാം തീയതി വീണ്ടും വിജ്ഞാപനം പുറപ്പെടുവിക്കുയും ചെയ്തു. പ്രസ്തുത പ്രഖ്യാപനത്തിന്റെ ഭാഗമായി പഠനം നടത്താൻ നിർദ്ദേശിച്ചു കൊണ്ട് 2019 മെയ് മാസം 12-ാം തീയതി കോട്ടയം ജില്ലാ കളക്ടർ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ കേരളാ വോളന്ററി ഹെൽത്ത് സർവ്വീസസ് പഠനം നടത്തുകയും ഈ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

3.0813 ഹെക്ടർ ഭൂമിയുടെ ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് നടത്തിയ പഠനത്തിൽ ഉൾപ്പെടാത്ത ഏഴ് പുതിയ ഭൂവുടമകളും പഴയ 24 ഭൂവുടമകളും ഉൾപ്പെടെ 31 ഭൂവുടമകളെയും പദ്ധതിയുടെ ഗുണഭോക്താക്കളായ പൊതു ജനങ്ങളെയും പദ്ധതി പ്രദേശത്തെ ജനപ്രതിനിധികളെയും പദ്ധതി പ്രദേശത്തെയും ആണ് ഈ സാമൂഹ്യ പ്രത്യാഘാത പഠനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

#### 1.2. പദ്ധതി പ്രദേശം

നിർദ്ദേശിക്കപ്പെടുന്ന കാഞ്ഞിരപ്പള്ളി ബൈപ്പാസ് പദ്ധതി കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ കൊല്ലം തേനി നാഷണൽ ഹൈവേയിൽ പഞ്ചായത്ത് ജംഗ്ഷൻ മുതൽ റാണി ഹോസ്പിറ്റൽ ജംഗ്ഷനിൽ വരെ നിലവിലുള്ള ഹൈവേയിൽ നിന്നും 100 മുതൽ 50 മീറ്റർ വരെ അകലത്തിൽ നിർമ്മിക്കുന്ന ബൈപ്പാസ് റോഡാണ്. കാഞ്ഞിരപ്പള്ളി പ്രദേശം കേരളത്തിന്റെ പശ്ചിമഘട്ടത്തിലെ മലനിരകളിലേക്കുള്ള പ്രവേശന കവാടവും റബർ ഉത്പാദനത്തിന്റെ കേന്ദ്ര സ്ഥാനവും ആണ്. ആദ്യകാല കുടിയേറ്റത്തിന്റെ പ്രദശമായി അറിയപ്പെടുന്ന കാഞ്ഞിരപ്പള്ളിയുടെ സമ്പദ് വ്യവസ്ഥ പ്രധാനമായും റബർ ഉത്പാദനവുമായി ബന്ധപ്പെട്ടിരിക്കുന്നു. റബർ കൃഷിക്ക് അനുയോജ്യമായ കാലവസ്ഥ കാഞ്ഞിരപ്പള്ളിയെയും പരിസര പ്രദേശത്തിനെയും ലോകത്തിലെ തന്നെ ഏറ്റവും വലിയ റബർ ഉത്പാദന കേന്ദ്രമാക്കി മാറ്റിയിട്ടുണ്ട്. പാശ്ചാത്യ അധിനിവേശത്തോടുകൂടി പ്രചുര പ്രചാരം നേടിയ തോട്ടം കൃഷിയുടെ ആദ്യകാലം മുതൽ അതിൽ നിർണ്ണായക പ്രാധാന്യം ഉള്ള ഒരു സ്ഥലമാണ് പദ്ധതി പ്രദേശം. വർഷത്തിൽ 163 ദിവസവും മഴ ലഭിക്കുന്ന കാഞ്ഞിരപ്പള്ളി മഴക്കാടുകളുടെ കാലാവസ്ഥയുള്ളതും റബർ ഉത്പാദനത്തിന് അത്യുത്തമവും ആണ്. സിറിയൻ



KERALA VOLUNTARY HEALTH SERVICES * SHAX * COLLECTORATE P.O. KOTTAYAM-2 MULLANKUZHI

ക്രിസ്ത്യാനികൾ, മുസ്ലീംങ്ങൾ, ഹിന്ദുക്കൾ എന്നിവർ സാഹോദര്യത്തോടെ കഴിഞ്ഞുപോകുന്ന കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ പദ്ധതി കടന്നുപോകുന്നത് സിറിയൻ ക്രിസ്ത്യൻ കുടുംബങ്ങളുടെയും രണ്ട് മുസ്ലീം കുടുംബങ്ങളുടെയും കൈവശത്തിലുള്ള ഭൂമിയിലൂടെയാണ്.

### 1.3. ഭൂമി ഏറ്റെടുക്കൽ - വ്യാപ്തിയും നടപടിക്രമങ്ങളും

#### (എ). ഭൂമി ഏറ്റെടുക്കൽ അധികാരി

റവന്യു ടവറിൽ, കോട്ടയത്ത് പ്രവർത്തിക്കുന്ന ഭൂമി ഏറ്റെടുക്കൽ പ്രത്യേക തഹസിൽദാർ ആണ് കാഞ്ഞിരപ്പള്ളി ബൈപ്പാസ് പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ നടത്തുന്നത്. ഏറ്റെടുക്കുന്ന ഭൂമികളുടെ രൂപരേഖകൾ തയ്യാറാക്കുകയും അതിരു കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

#### (ബി).പദ്ധതി ബാധിതരുടെ വിവരങ്ങൾ

സാമൂഹിക പ്രത്യാഘാത പഠനം സൂചിപ്പിക്കുന്നത് 31 പദ്ധതി ബാധിത കുടുംബങ്ങളിൽ ഒന്നും തന്നെ ദാരിദ്ര്യരേഖയ്ക്ക് താഴെയില്ല എന്നാണ്. സ്ത്രീകൾ കുടുംബനാഥകളായുള്ള ഏതാനും കുടുംബങ്ങളും പ്രായമായവർ കുടുംബനാഥൻമാരായിട്ടുള്ള കുടുംബങ്ങളും പ്രത്യേക പരിഗണന അർഹിക്കുന്നുണ്ട്. എല്ലാ പദ്ധതി ബാധിതരും സാമ്പത്തികപരമായി ഉന്നതനിലവാരം പുലർത്തുന്നവരാണ്. പദ്ധതി ആരെയും കുടിയൊഴിപ്പിക്കുകയോ, ജീവിതോപാധി പൂർണ്ണമായും ഇല്ലാതാക്കുകയോ ചെയ്യുന്നില്ല. പദ്ധതി ബാധിതർ 70%വും കൃഷിയോ തോട്ടവിളയോ മുഖ്യ വരുമാന മാർഗ്ഗമായി സ്വീകരിക്കുന്നവരാണ്. ഒന്നാം സാമൂഹ്യ പ്രത്യാഘാത പഠനത്തിൽ ഉൾപ്പെടാത്ത ഏഴ് പുതിയ ഭൂവുടമകൾ (പഞ്ചായത്ത് ഉൾപ്പെടെ) ആണ് രണ്ടാം സാമൂഹ്യ പ്രത്യാഘാത പഠനത്തിൽ കൂടുതലായി ഉൾപ്പെട്ടിരിക്കുന്നത്. പുതുതായി ഉൾപ്പെട്ട ഈ പദ്ധതി ബാധിതർ ഒന്നാം പഠനത്തിൽ സൂചിപ്പിച്ച പദ്ധതി ബാധിതരുടെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക അവസ്ഥക്ക് സ്വാധീനം ചെലുത്തുന്നതിന് അപര്യാപ്തമല്ല.

#### (സി). ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരണം.

പദ്ധതിക്കുവേണ്ടി 9.59422 ഏക്കർ(3.8843ഹെക്ടർ) ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിൽ 3.0813 ഹെക്ടറിന്റെ സാമൂഹ്യ പ്രത്യാഘാത പഠനം 2017 മെയ് 8-ലെ സർക്കാർ വിജ്ഞാപന പ്രകാരം പൂർത്തീകരിക്കുകയും 2018 ജനുവരി 12 ന് അന്തിമ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. നടപ്പാക്കൽ ഏജൻസിയുടെ അഭിപ്രായ പ്രകാരം പദ്ധതിയുടെ അഭിവാജ്യ ഘടകമായ ഒരു ഇടറോഡിന്റെ പുനസ്ഥാപനത്തിനും കൊല്ലം തേനി ദേശീയ പാതയിൽ നിന്നുമുള്ള ബൈപ്പാസിന്റെ തുടക്കത്തിലും അവസാനത്തിലുമുള്ള വികസനത്തിനാണ് കൂടുതലായി 0.803 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നത്. കൂടുതലായി ഏറ്റെടുക്കുന്ന ഈ ഭൂമി മുൻ പ്രത്യാഘാത സാമൂഹ്യ പഠനത്തിൽ ഉൾപ്പെട്ട 24 ഭൂവുടമകളുടെയും കൂടുതലായി കണ്ടെത്തിയ 7 ഭൂവുടമകളുടെയും കൂട്ടി 31 പേരുടേതാണ്.

പ്രധാനമായും കൃഷി ഭൂമിയും തോട്ടവിള ഭൂമിയും ആയ പദ്ധതി പ്രദേശത്ത് ഒരു കെട്ടിട്ടവും ഏതാനും നിർമ്മാണങ്ങളും ആണ് പദ്ധതി ബാധിക്കപ്പെടുന്നത്. ബൈപ്പാസ് പദ്ധതി അഞ്ച് സ്വകാര്യ റോഡുകളെ കടന്നുപോവുകയോ, ബാധിക്കപ്പെടുകയോ ചെയ്യുന്നുണ്ട്.

SHAY KERALA VOLUNTARY HEALTH SERVICES
CHINATTOR KOTTAYAM COLLECTORATE P.O. MULLANKUZHI

(ഡി). സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിവരണം

സാമൂഹിക, സാമ്പത്തിക, സാംസ്കാരിക വിശകലനം സൂചിപ്പിക്കുന്നത് രണ്ട് ഭൂവുടമകൾ ഒഴിച്ച് ബാക്കി എല്ലാ പദ്ധതി കുടുംബങ്ങളും ക്രിസ്ത്യൻ മത വിശ്വാസികളാണ് എന്നുള്ളതാണ്. കൂടാതെ 90% കുടുംബങ്ങളും കുടുംബബന്ധങ്ങളാൽ പരസ്പരം ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു. പദ്ധതി ബാധിരുടെ ഏറ്റവും കുറഞ്ഞ വാർഷിക വരുമാനം ഒരു ലക്ഷത്തി ഇരുപത്തിനാലായിരം രൂപയാണ്. പുതുതായി പദ്ധതി ബാധിതരായ 7 ഭൂവുടമകളുടെ കടന്നു വരവ് സാമൂഹിക- സാമ്പത്തിക-സാസ്കാരിക വിശകലനത്തെയോ കണ്ടെത്തലിനെയോ യാതൊരു വിധത്തിലും ബാധിച്ചിട്ടില്ല.

1.4. പദ്ധതി സംബന്ധമായ ഇതര മാർഗ്ഗ നിർ ദ്ദേശങ്ങൾ

| ക്രമ നം. | ബദൽ നിർദ്ദേശങ്ങൾ | വിശദീകരണം |
|---|---|---|
| 1 | കൂടുതലായി 0.803 ഹെക്ടർ ഏറ്റെടുക്കുന്നത് പ്രധാനമായും പദ്ധതി ബാധിക്കപ്പെടുന്ന ഒരു ഇടറോഡിന്റെ പുനസ്ഥാപനത്തിന് വേണ്ടിയാണ്. ഈ ഇടറോഡിന്റെ പുനസ്ഥാപന സംബന്ധമായി ഇടറോഡിന്റെ ഉപഭോക്താക്കൾ സമർപ്പിക്കുന്ന ബദൽ നിർദ്ദേശം പ്രസ്തുത ഇടറോഡ് നേരിട്ട് ബൈപ്പാസിലേക്ക് പ്രവേശിക്കത്തക്ക വിധം പദ്ധതി രൂപരേഖയിൽ മാറ്റം വരുത്തണമെന്നാണ്. പ്രസ്തുത മാറ്റം വരുത്തലിന് ആവശ്യമായ ഭൂമി വിട്ടു നൽകാൻ സമീപസ്ഥ ഭൂവുടമകൾ തയ്യാറാണെന്ന് അവർ അവകാശപ്പെടുന്നു. | നിർദ്ദേശം സംബന്ധമായി വിശദമായ സാങ്കേതിക പഠനം നടത്താവുന്നതാണ്. |
| 2. | എല്ലാക്കാലത്തും വെള്ളം ലഭ്യമാകുന്ന രണ്ട് ജല സ്രോതസ്സ് സംരക്ഷിക്കണം. | ഈ നിർദ്ദേശവും പരിഗണിക്കാവുന്നതാണ്. |

1.5. സാമൂഹിക പ്രത്യാഘാതം

കൊല്ലം തേനി ദേശീയ പാതയുടെ ഭാഗമായ കോട്ടയം കുമളി റോഡിന് സമാന്തരമായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കാഞ്ഞിരപ്പള്ളി ബൈപ്പാസ് റോഡ് കാഞ്ഞിരപ്പള്ളി പഞ്ചായത്ത് ജംഗ്ഷനിൽ നിന്നും ആരംഭിച്ച് റാണി ഹോസ്പിറ്റൽ ജംഗ്ഷനിൽ അവസാനിക്കുന്നു. പൂർണ്ണമായും കൃഷിയിടങ്ങളിലൂടെ കടന്നു പോകുന്ന റോഡ് നിർമ്മാണം ഒരു കുടുംബങ്ങളെയും കുടിയൊഴിപ്പിക്കുന്നില്ല. എന്നാൽ 31 ഭൂവുടമകളുടെ ഭൂമി നഷ്ടത്തിനും ഷെഡു രൂപത്തിലുള്ള ഒരു കെട്ടിടത്തിനും എതാനും ചുറ്റു മതിലുകൾക്കും പദ്ധതി ബാധിതമാകുന്നു. ഏറ്റെടുക്കുന്ന ഭൂമിയിൽ 3% മാത്രമാണ് വ്യവസായ പ്രാധാന്യമുള്ളത്. 0.0690 ഹെക്ടർ മുതൽ 4.0400 ഹെക്ടർ വരെ വിസ്തൃതിയുള്ള 31 ഭൂമികളാണ് പദ്ധതിയിൽ ബാധിക്കപ്പെടുന്നത്. 5 ചുറ്റുമതിലുകൾ, ഒരു കച്ചവട സ്ഥാപനം, 9 താമസ സ്ഥലങ്ങളും ഒരു ഉപയോഗ ശൂന്യമായ കെട്ടിടവും പദ്ധതി ബാധിതമെന്നു കണ്ടെത്തിയിട്ടുണ്ട്. 3 ഭൂമികൾ കെ.കെ.റോഡിന്റെ അഭിമുഖമായും 2 ഭൂമികൾ കാഞ്ഞിരപ്പള്ളി മണിമല റോഡിന് അഭിമുഖമായും ഉള്ളതാണ്. ബാധിക്കപ്പെടുന്ന എല്ലാ ഭൂമിയിലേക്കും വാഹനങ്ങൾ എത്തപ്പെടുന്ന വീതിയിലുള്ള സ്വകാര്യ റോഡു മാർഗ്ഗങ്ങൾ ഉണ്ട്. പദ്ധതി പ്രധാനമായും തോട്ട കൃഷിയേയും നാണ്യവിളകളെയും ആണ് ബാധിക്കുന്നത്. പദ്ധതി ബാധിതരിൽ ആരും തന്നെ സാമൂഹിക സാമ്പത്തിക പിന്നോക്കാവസ്ഥയിൽ ഉള്ളവരല്ല. മിറച്ച് പദ്ധതി ബാധിതരുടെ കുറഞ്ഞ വാർഷിക വരുമാനം 1,20,000 രൂപയാണ് എന്നാണ് പഠനം കണ്ടെത്തിയിരിക്കുന്നത്.

SHAK KERALA VOLUNTARY HEALTH SERVICES
MULLANKUZHI COLLECTORATE P.O. KOTTAYAM-2

മേൽപ്പറഞ്ഞ പ്രത്യാഘാതങ്ങളിൽ നിന്നും വ്യത്യസ്തമായും പ്രധാനമായും നാല് പ്രത്യാഘാതങ്ങളാണ് 0.803 ഹെക്ടർ ഭൂമിയുടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിൽ കണ്ടെത്തിയിട്ടുള്ളത്. ഒന്നാമത്തേത് നിർദ്ദിഷ്ട കാഞ്ഞിരപ്പള്ളി ബൈപ്പാസാൽ മുറിയപ്പെടുന്ന ഒരു ഇടറോഡിന്റെ പുനസ്ഥാപനത്തിനായി ഭൂമി ഏറ്റെടുക്കുമ്പോൾ രണ്ട് താമസ്സ ഭവനങ്ങളോട് വളരെ സമീപത്തേക്ക് വരെ പദ്ധതി എത്തപ്പെടുന്നു. പദ്ധതി രൂപരേഖയുടെ ശാസ്ത്രീയ പരിശോധനയിലൂടെ മാത്രമേ മേൽപ്പറഞ്ഞ രണ്ട് വീടുകളിലുണ്ടാകുന്ന പ്രത്യാഘാതത്തെക്കുറിച്ച് കൃത്യമായി കണ്ടെത്താൻ സാധ്യമാകൂ. രണ്ടാമത്തെ പ്രത്യാഘാതം പഞ്ചായത്ത് ജംഗ്ഷനിലുള്ള ഒരു ബഹുനില കെട്ടിടത്തിന്റെ പാർക്കിംഗ് പൂർണ്ണമായും നഷ്ടപ്പെടുന്നു എന്നുള്ളതാണ്. ഇപ്രകാരം പാർക്കിംഗ് ഏരിയ നഷ്ടപ്പെടുന്നതിലൂടെ മേൽപ്പറഞ്ഞ കെട്ടിടത്തിന്റെ വ്യവസായിക മൂല്യത്തിനും ഉപയോഗ സ്വഭാവത്തിനും മാറ്റം ഉണ്ടാകാവുന്നതാണ്. മൂന്നാമതായി പഞ്ചായത്ത് ഓഫീസിന്റെ സ്ഥലം ഏറ്റെടുക്കുമ്പോൾ കെട്ടിടങ്ങൾക്ക് സുരക്ഷിതത്ത കുറവും പ്രവേശന സൗകര്യങ്ങൾ നഷ്ടപ്പെടാവുന്നതുമാണ്. നാലാമതായി ഒന്നാം പഠനത്തിൽ സൂചിപ്പിച്ച ഭൂവുടമകളെ കൂടാതെ കാഞ്ഞിരപ്പള്ളി പഞ്ചായത്ത് ഉൾപ്പെടെ ഏഴ് ഭൂവുടമകളുടെയും കൂടി ഭൂമി പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുന്നു എന്നുള്ളതാണ്.

ഈ പ്രത്യാഘാതങ്ങളിൽ ഒന്നാമത്തേതിന് ഗുരുതരമെന്നും രണ്ടും മൂന്നും എണ്ണത്തെ മധ്യമം എന്നും നാലാമത്തേതിനെ ലഘുതരം എന്നും കണക്കാക്കാവുന്നതാണ്.

എന്നാൽ രണ്ടാം പാത ഭൂമി ഏറ്റെടുക്കൽ പദ്ധതിയുടെ സാങ്കേതിക മേഖലയിൽ സുരക്ഷ മാനദണ്ഡങ്ങളും വർദ്ധിപ്പിച്ചിട്ടുണ്ട് എന്നാണ് നടപ്പാക്കൽ ഏജൻസി അവകാശപ്പെടുന്നത്. ആയത് ശരിയാണെങ്കിൽ മേൽപ്പറഞ്ഞ പ്രത്യാഘാതങ്ങളെ പ്രത്യേക പുനരധിവാസ- പുനർവാസ നടപടികൾ കൊണ്ടോ ബദൽ നിർദ്ദേശ പരിഗണന കൊണ്ടോ ലഘൂകരിക്കാൻ ശ്രമിക്കാവുന്നതാണ്.

### 1.6. പ്രത്യാഘാത ലഘൂകരണ നടപടികൾ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | സമീപനം | സാധ്യമായ ലഘൂകരണ നടപടികൾ |
|---|---|---|---|
| 1. | കൃഷി ഭൂമിയുടെയും വരുമാനത്തിന്റെയും നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം |
| 2. | ജല സ്രോതസ്സുകളായ കിണർ, കുളം എന്നിവയുടെ നഷ്ടം | ഒഴിവാക്കുക നിയന്ത്രിക്കുക | സംരക്ഷിക്കുക നിലനിർത്തുക |
| 3. | കൈവശത്തിലുള്ള നിർമ്മാണങ്ങളുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം |
| 4. | പ്രവേശന മാർഗ്ഗങ്ങളുടെ/ വഴികളുടെ നഷ്ടം | നിയന്ത്രണം | സാങ്കേതിക പഠനം നടത്തി പുനസ്ഥാപന രൂപരേഖയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുക. |
| 5. | പ്രയോജനകരമല്ലാത്ത തുണ്ടു ഭൂമികളുടെ രൂപപ്പെടൽ | നിയന്ത്രണം | ഏറ്റെടുക്കൽ ഭൂമിയിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകുക. |
| 6. | നാണ്യ വിളകളുടെ നഷ്ടം | നഷ്ട പരിഹാരം | മതിയായ നഷ്ട പരിഹാരം |
| 7. | മരങ്ങളുടെ നഷ്ടം | നഷ്ട പരിഹാരം നിയന്ത്രണം | മതിയായ നഷ്ട പരിഹാരം നൽകുകയും നഷ്ടപ്പെടുന്നതിന് തുല്യ എണ്ണം മരങ്ങൾ സർക്കാർ ഭൂമിയിലോ, സ്വകാര്യ ഭൂമിയിലോ നട്ടു വളർത്താൻ നടപടി സ്വീകരിക്കുക. |



KERALA VOLUNTARY HEALTH SERVICES * SHAKTI * MULLANKUZHI COLLECTORATE P.O. KOTTAYAM-2

| | | | |
|---|---|---|---|
| 8. | ജീവിതോപാധികളുടെ നഷ്ടം | നഷ്ട പരിഹാരം | നഷ്ട പരിഹാരം |
| 9. | പദ്ധതി ബാധിതരെ ഭൂമി ഏറ്റെടുക്കൽ നടപടി ക്രമങ്ങളിൽ ഉൾപ്പെടുത്തുക. | നിയന്ത്രണം | നടപടിക്രമങ്ങളിൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുക |
| 10. | പരാതി പരിഹാരം | നിയന്ത്രണം | പ്രവർത്തന നിരതമായ പരാതി പരിഹാര സമിതി പഞ്ചായത്തിലും ജില്ലാ തലത്തിലും പ്രവർത്തിക്കുക. |
| 11. | ഏറ്റെടുത്തതിന് ശേഷമുള്ള ഭൂമിയുടെ ഉൽപ്പാദനക്ഷമമായ ഉപയോഗം | നിയന്ത്രണം | ഇളവുകളും നിർദ്ദേശങ്ങളും നഷ്ട പരിഹാര രൂപരേഖയിൽ ഉൾപ്പെടുത്തുക |

## 1.7. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ

3.0813 ഹെക്ടർ ഭൂമിയുടെ സാമൂഹിക പ്രത്യാഘാത പഠനത്തിൽ ഉൾപ്പെടാത്ത 0.803 ഹെക്ടർ ഭൂമി കൂടുതലായി ഏറ്റെടുക്കുന്നതിന് പ്രധാനമായും മൂന്ന് കാരണങ്ങളാണുള്ളത്. (1) ബൈപ്പാസ് റോഡിന്റെ ബെൽ മൗത്ത് വികസിപ്പിക്കുക (2) പദ്ധതി ബാധിക്കുന്ന ഇടറോഡിനെ പുനസ്ഥാപിക്കുക (3) സുരക്ഷാ മാനദണ്ഡങ്ങളനുസരിച്ച് ബൈപ്പാസ് റോഡിന് ആവശ്യമായ വീതി നൽകുക. ഈ മൂന്ന് കാരണങ്ങളുടെ അടിസ്ഥാനത്തിൽ കൂടുതലായി 0.803 ഹെക്ടർ ഭൂമി ഏറ്റെടുക്കുമ്പോൾ ഒന്നാം ഘട്ട സാമൂഹിക പ്രത്യാഘാത പഠനത്തിൽ പരാമർശിക്കുന്ന പ്രത്യാഘാതങ്ങളോടൊപ്പം താഴെപ്പറയുന്ന പ്രത്യാഘാതങ്ങളും രൂപപ്പെടാൻ സാധ്യതയുണ്ട്.

1. പദ്ധതിയുടെ ഭാഗമായി മണ്ണ് എടുക്കുന്നതും നിറയ്ക്കുന്നതും പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെയും പഞ്ചായത്ത് ജംഗ്ഷനിലുള്ള വ്യാപാര സ്ഥാപനങ്ങൾ നടത്തുന്ന കെട്ടിടത്തിന്റെയും പ്രവേശന മാർഗ്ഗം കെട്ടിട സുരക്ഷ എന്നിവ ബാധിക്കപ്പെടാൻ സാധ്യതയുണ്ട്.
2. ഈ റോഡിന്റെ പുനസ്ഥാപനം രണ്ട് താമസഭവനങ്ങളുടെ വളരെ സമീപത്തേക്ക് ഏറ്റെടുക്കുന്ന ഭൂമിയുടെ അതിരുകൾ നീളുന്നതിനും ആയത് അവരുടെ പ്രവേശന മാർഗ്ഗം, കെട്ടിട സുരക്ഷ എന്നിവയെ ബാധിക്കുന്നതിനും സാധ്യതയുണ്ട്.
3. ഭൂമി ഏറ്റെടുക്കലിലൂടെ പാർക്കിംഗ് ഏരിയ നഷ്ടപ്പെടുന്ന വ്യാപാര സ്വഭാവ കെട്ടിടത്തിന്റെ വ്യാപാര പ്രാധാന്യം കുറയാൻ സാധ്യതയുണ്ട്.
4. എല്ലാകാലത്തും ജലലഭ്യതയുള്ള രണ്ട് ജലസ്രോതസ്സുകളെ പദ്ധതി ബാധിക്കാൻ സാധ്യതയുണ്ട്.

നിർദ്ദേശിക്കപ്പെടുന്ന കാഞ്ഞിരപ്പള്ളി ബൈപ്പാസ് പദ്ധതിയുടെ ഏറ്റവും പ്രധാനപ്പെട്ട സാമൂഹിക പ്രത്യാഘാതം പദ്ധതി ബാധിതർക്കുണ്ടാകുന്ന ഭൂമിയുടെ നഷ്ടവും ആയത് മൂലമുണ്ടാകുന്ന വരുമാന നഷ്ടവും ആണ്. പദ്ധതി പൂർത്തീകരണത്തോടനുബന്ധിച്ച് ഉണ്ടാകുമെന്ന് പദ്ധതി ബാധിതർ അനുമാനിക്കുന്ന ചില ബുദ്ധിമുട്ടുകളും ആയത് ഏതാനും ചില പദ്ധതി ബാധിതരിൽ ഉണ്ടാക്കുന്ന മാനസിക സംഘർഷങ്ങളും പദ്ധതിയുടെ സാമൂഹിക പ്രത്യാഘാതമായി കാണാവുന്നതാണ്. എന്നാൽ താമസ ഭവനങ്ങളൊന്നും തന്നെ നഷ്ടപ്പെടുന്നില്ല എന്നുള്ളതുകൊണ്ടും ബാധിക്കപ്പെടുന്ന വസ്തുക്കളിൽ നിന്നുള്ള വരുമാനം പദ്ധതി ബാധിതരുടെ ഒരു പ്രധാന സാമ്പത്തിക സ്രോതസ്സ് അല്ലാത്തതിനാലും പദ്ധതിയുടെ സാമൂഹിക പ്രത്യാഘാതം പദ്ധതി ബാധിതരെ സാരമായി ബാധിക്കുന്നില്ല. കൂടാതെ പുനരധിവാസ പ്രവർത്തനങ്ങൾ ആവശ്യമില്ല എന്നുള്ളത് പ്രത്യാഘാതത്തിന്റെ അളവ് കുറയ്ക്കുന്ന വസ്തുതയാണ്. പദ്ധതി ബാധിതരുടെ ഉയർന്ന സാമൂഹിക സാമ്പത്തിക അവസ്ഥ സാമൂഹിക പ്രത്യാഘാതത്തെ ഒരു പരിധി വരെ കുറയ്ക്കാൻ പര്യാപ്തമാണ്. മതിയായ നഷ്ട പരിഹാരം ലഭ്യമാക്കിയാൽ ഭൂമി വിട്ടുകൊടുക്കാൻ തയ്യാറാണ് എന്നുള്ള ഭൂരിഭാഗം പദ്ധതി ബാധിതരുടെയും നിലപാടും സാമൂഹിക പ്രത്യാഘാതം കുറയ്ക്കുന്നതിന് പര്യാപ്തമാണ്. പദ്ധതി പ്രദേശത്തെ പ്രധാന കൃഷി തോട്ടവിളകളായതിനാൽ പദ്ധതി മൂലമുണ്ടാകുന്ന കൃഷി നാശം



SHAVK KERALA VOLUNTARY HEALTH SERVICES KOTTAYAM-2 COLLECTORATE P.O. MULLANKUZHI

ഭക്ഷ്യോൽപാദനത്തെ ബാധിക്കുന്നതായി കരുതാനാവില്ല. പദ്ധതി മൂലം നഷ്ടപ്പെടുന്ന മരങ്ങൾക്ക് പകരമായി സർക്കാർ ഭൂമിയിൽ മരങ്ങൾ നട്ടുവളർത്താവുന്നതാണ്. പദ്ധതി ബാധിതർ പദ്ധതിക്ക് പകരമായി ചൂണ്ടികാണിക്കുന്ന പദ്ധതികൾ ശാസ്ത്രീയ വിശകലനത്തിന് വിധേയമാക്കാവുന്നതാണ്. എന്നാൽ സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടെ നടത്തിയ വിശകലനത്തിന്റെ കണ്ടെത്തൽ 1.4 ആയി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പദ്ധതി ബാധിക്കപ്പെടുന്ന ഭൂമികൾ എല്ലാം തന്നെ പദ്ധതി ബാധിതർക്ക് പാരമ്പര്യമായി കൈവശം വന്നതും കൃഷി ഭൂമിക്ക് പ്രാധാന്യം നൽകുന്ന കുടുംബങ്ങൾ വർഷങ്ങളോളം കൈവശം വച്ച് കൃഷി നടത്തികൊണ്ടിരിക്കുന്നതുമാണ്. പ്രസ്തുത ഭൂമിയോടുള്ള വൈകാരിക ബന്ധമാണ് പദ്ധതി ബാധിതരെ പലപ്പോഴും മാനസിക സംഘർഷത്തിലേക്ക് നയിക്കുന്നത്. ഉദ്ദേശം 9 ഓളം പ്രവേശന മാർഗ്ഗങ്ങളെയോ/ വഴികളെയോ പദ്ധതി ബാധിതമായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പ്രവേശന മാർഗ്ഗങ്ങളും വഴികളും പുനസ്ഥാപിക്കേണ്ടത് സാമൂഹിക പ്രത്യാഘാത നിവാരണത്തിൽ ഏറ്റവും പ്രധാനപ്പെട്ട നടപടിയാണ്. കൂടാതെ പദ്ധതി ബാധിത ഭൂമികൾ എല്ലാം തന്നെ വാഹനങ്ങൾക്ക് എത്തിപ്പെടത്തക്ക വിധം ഗതാഗത സൗകര്യമുള്ളതാണ്. പ്രസ്തുത ഗതാഗത സൗകര്യങ്ങൾ പുന സ്ഥാപിക്കേണ്ടതും ഏറ്റെടുക്കുന്ന ഭൂമിയുടെ ശേഷിക്കുന്ന ഭാഗം പ്രയോജനകരമായ വിധം പദ്ധതി ബാധിതർക്ക് ഉപയോഗിക്കുവാൻ തക്കവണ്ണം ആവശ്യമായ നിർദ്ദേശങ്ങൾ പുനസ്ഥാപന രൂപരേഖ യിൽ ഉൾപ്പെടുത്താവുന്നതാണ്. 60% ത്തിലധികം പദ്ധതി ബാധിതർ 60 വയസ്സിന് മുകളിൽ പ്രായമുള്ളവരും ഏതാനും കുടുംബങ്ങൾ സ്ത്രീകൾ കുടുംബനാഥകൾ ആയിട്ടുള്ളതുമാണ്. ഭൂമി ഏറ്റെടുക്കൽ നടപടി ക്രമങ്ങളിൽ മേൽപ്പറഞ്ഞ പദ്ധതി ബാധിതർക്ക് ആവശ്യമായ മുൻഗണനയും കരുതലും നൽകുന്നത് സാമൂഹിക പ്രത്യാഘാതം കുറയ്ക്കുവാൻ സഹായകരമാണ്. കൂടാതെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങളിൽ തുടക്കം മുതൽ പദ്ധതി ബാധിതരുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതും പരാതി പരിഹാരത്തിനുവേണ്ടി പ്രവർത്തനക്ഷമമായ സംവിധാനങ്ങൾ രൂപപ്പെടു ത്തുന്നതിനും പദ്ധതി സംബന്ധമായ സാമൂഹിക പ്രത്യാഘാതം കുറയ്ക്കുന്നതിനും സഹായിക്കും

കൊല്ലം തേനി ദേശീയ പാതയിലെ കാഞ്ഞിരപ്പള്ളി പ്രദേശത്ത് ഗതാഗതകുരുക്ക് ഒഴിവാക്കേണ്ടതും കേരളത്തിന്റെ വർദ്ധിച്ചു വരുന്ന വിനോദ സഞ്ചാര വ്യവസായത്തിനും ചരക്കു നീക്കത്തിനും അയൽ സംസ്ഥാനങ്ങളുമായുള്ള വാണിജ്യ സാംസ്കാരിക ബന്ധത്തിനും അത്യാവശ്യമാണ്. ആയതു കൊണ്ട് തന്നെ കാഞ്ഞിരപ്പള്ളി ബൈപ്പാസ് പദ്ധതിയെ പൊതു ആവശ്യ പദ്ധതിയായി ഉൾപ്പെ ടുത്തി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുനസ്ഥാപനത്തിനും ഉള്ള അവകാശ നിയമത്തിലും ചട്ടങ്ങളിലും പെടുത്തി ഭൂമി ഏറ്റെടു ക്കൽ നടപടി ക്രമങ്ങൾ സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ളതാണ്. പദ്ധതിയുടെ ആവശ്യകതയും പൊതു ജനാവശ്യവും സാമൂഹിക പ്രത്യാഘാത നിലവാരവും വിലയിരുത്തുമ്പോൾ പദ്ധതി പ്രായോഗികവും സാമൂഹികമായി നടപ്പിലാക്കാൻ സാധിക്കുന്നതുമാണ്.

SHAJ * KERALA VOLUNTARY HEALTH SERVICES

## അദ്ധ്യായം 2
## പദ്ധതി വിശദീകരണം

### 2.1. പശ്ചാത്തലവും ഭരണ നിർവ്വഹണ ഏജൻസികളുടെ വിശദാംശങ്ങളും

കാഞ്ഞിരപ്പള്ളി ബൈപ്പാസ് പദ്ധതിയുടെ ചരിത്രം ആരംഭിക്കുന്നത് 2004 ലെ **ഡൊമനിക്** തൊമ്മൻ റോഡിന്റെ വീതി കൂട്ടലുമായി ബന്ധപ്പെട്ട നിർദ്ദേശത്തോടെയാണ്. കാഞ്ഞിരപ്പള്ളി താലൂക്ക് ആശുപത്രി ജംഗ്ഷനിൽ നിന്നും ആരംഭിച്ച് 26-ാം മൈലിൽ ചെന്നു ചേരുന്ന വിധം ഡൊമനിക് തൊമ്മൻ റോഡ് വീതി കൂട്ടണം എന്നുള്ള നിർദ്ദേശത്തെ തുടർന്ന് ഗവൺമെന്റ് ഒരു എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായി. എന്നാൽ തുടർന്ന് പല നിർദ്ദേശങ്ങളും ഉയർന്നു വരികയും 2010 ൽ നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കാൻ സർക്കാർ തീരുമാനിച്ചു. എന്നാൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചപ്പോൾ ഒരു ഭൂഉടമസ്ഥന്റെ പരാതിയിൽ നടപടി ക്രമങ്ങൾ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി താൽക്കാലികമായി തടയുകയും അങ്ങനെ തുടർ നടപടികൾ തടസ്സപ്പെടുകയും ചെയ്തു. എന്നാൽ 2012 ൽ ഹൈക്കോടതി തടസ്സങ്ങൾ നീക്കുകയും പദ്ധതി വീണ്ടും സജീവമാകുകയും ചെയ്തു. ഈ കാലഘട്ടത്തിൽ പദ്ധതി നടത്തിപ്പ് ഏജൻസിയായ കേരള പൊതുമരാമത്ത് വകുപ്പ് പദ്ധതിയെ കേരളാ റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന് കൈമാറി.

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും പ്രകാരമുള്ള പദ്ധതിയുടെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിന് സാജു. വി.ഇട്ടി എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള വോളന്ററി ഹെൽത്ത് സർവ്വീസസിനെ വിജ്ഞാപനത്തിലൂടെ ചുമതലപ്പെടുത്തുകയും 2017 ഒക്ടോബർ മാസം പഠനം ആരംഭിക്കുകയും ചെയ്തു. 2018 ജനുവരിയിൽ പഠന റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.എന്നാൽ നടപ്പാക്കൽ ഏജൻസി പദ്ധതിയുടെ സുരക്ഷിതത്തിനും സ്ഥായിയായ നിലനിൽപ്പിനും 0.803 ഹെക്ടർ ഭൂമി കൂടുതലായി ആവശ്യമുണ്ട് എന്ന് സർക്കാരിനെ അറിയിക്കുകയും ആയതിന്റെ ഭാഗമായി കൂടുതലായി ഏറ്റെടുക്കുന്ന ഭൂമിയുടെ സാമൂഹിക പ്രത്യാഘാത പഠനത്തിനായി 2019 ഫെബ്രുവരി മാസം 22-ാം തീയതിലെ വിജ്ഞാപന പ്രകാരം സാജു. വി.ഇട്ടി എക്സിക്യൂട്ടീവ് ഡയറക്ടർ, കേരള വോളന്ററി ഹെൽത്ത് സർവ്വീസസിനെ വീണ്ടും ചുമതലപ്പെടുത്തി.

#### 2.1.1. -റിക്വസിഷൻ അധികാരി

#### 2.1.1. (എ). -റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷൻ

പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള ഒരു ലിമിറ്റഡ് കമ്പനിയാണ് കേരള റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷൻ. കമ്പനീസ് ആക്ട് 1956 പ്രകാരം 1999 സെപ്റ്റംബർ 23 ന് സ്ഥാപിതമായ കോർപ്പറേഷൻ പ്രധാനമായും പാലങ്ങൾ, മേൽപ്പാലങ്ങൾ, റോഡു വികസനം എന്നീ മേഖലകളിൽ പൊതുമരാമത്തു വകുപ്പിനു വേണ്ടി പ്രവർത്തനങ്ങൾ നടത്തുന്നു.

#### കോർപ്പറേഷന്റെ പ്രധാന പ്രവർത്തനങ്ങൾ

പാലങ്ങൾ, റോഡുകൾ, മേൽപ്പാലങ്ങൾ തുടങ്ങിയവ നിർമ്മിക്കുകയും, കാത്തു സൂക്ഷിക്കുകയും, നടത്തികൊണ്ടുപോവുകയും ചെയ്യുക എന്ന പരമ പ്രധാനമായ കർത്തവ്യമാണ് കോർപ്പറേഷൻ ഗവൺമെന്റിനുവേണ്ടി ചെയ്തുകൊണ്ടിരിക്കുന്നത്. ഗവൺമെന്റിനുവേണ്ടിയും പൊതുമേഖല സ്ഥാപനങ്ങൾക്കുവേണ്ടിയും മേൽപ്രകാരമുള്ള പ്രവർത്തനങ്ങൾ നടത്തുന്ന കോർപ്പറേഷൻ റിസർവ്വ് ബാങ്കിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതികൾക്ക് ആവശ്യമായ പണ സമ്പാദനം നടത്തുകയും ആയത് പദ്ധതികൾക്കുവേണ്ടി വിനിയോഗിക്കുകയും ചെയ്യും.



SHAJ * KERALA VOLUNTARY HEALTH SERVICES * MULLANKUZHI COLLECTORATE P.O. KOTTAYAM-2

### 2.1.2. ഭൂമി ഏറ്റെടുക്കൽ - കാര്യ നിർവ്വഹണ വിഭാഗം

റവന്യു ടവറിൽ, കോട്ടയത്ത് പ്രവർത്തിക്കുന്ന ഭൂമി ഏറ്റെടുക്കൽ പ്രത്യേക തഹസിൽദാർ ആണ് കാഞ്ഞിരപ്പള്ളി ബൈപ്പാസ് പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ നടത്തുന്നത്. ഏറ്റെടുക്കുന്ന ഭൂമികളുടെ രൂപരേഖകൾ തയ്യാറാക്കുകയും അതിരു കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.

### 2.2. പദ്ധതിയുടെ പൊതു ആവശ്യ പ്രസക്തി

കൊല്ലം തേനി നാഷണൽ ഹൈവേയിൽ ഉൾപ്പെടുന്ന കോട്ടയം കുമളി റോഡിൽ കാഞ്ഞിരപ്പള്ളി പഞ്ചായത്ത് ജംഗ്ഷനിൽ നിന്നും ആരംഭിച്ച് ദേശീയ പാതയിലെ തന്നെ റാണി ഹോസ്പിറ്റൽ ജംഗ്ഷനിൽ അവസാനിക്കുന്ന കാഞ്ഞിരപ്പള്ളി ബൈപ്പാസ് പദ്ധതി പ്രധാനമായും ലക്ഷ്യം വയ്ക്കുന്നത് ദേശീയ പാതയുടെ കാഞ്ഞിരപ്പള്ളി പട്ടണത്തിലെ ഗതാഗത കുരുക്ക് പരിഹരിക്കുക എന്നുള്ളതാണ്. കാഞ്ഞിരപ്പള്ളി പ്രദേശത്ത് ദേശീയ പാതയ്ക്ക് ഒരു ബൈപ്പാസ് വേണം എന്നുളള അനേക കാലത്തെ ജനങ്ങളുടെ ആവശ്യം പൂർത്തീകരിക്കുന്നതിന് ലക്ഷ്യം വച്ചാണ് പദ്ധതി രൂപകൽപ്പന നടത്തിയിട്ടുള്ളത്. പദ്ധതിക്ക് ബദൽ മാർഗ്ഗ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നവർക്കു പോലും പദ്ധതിയുടെ ആവശ്യകതയെ സംബന്ധിച്ച് മറുപക്ഷമില്ല. നിർദ്ദിഷ്ട കാഞ്ഞിരപ്പള്ളി പദ്ധതി 31 ഭൂവുടമകളുടെ പത്ത് ഏക്കർ വരുന്ന ഭൂമിയിലൂടെയാണ് നിർമ്മിക്കപ്പെടാൻ പോകുന്നത്. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും, പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും, ചട്ടങ്ങളും പ്രകാരം പൊതു ആവശ്യത്തിന് വേണ്ടിയാണ് കേരള സർക്കാർ ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുള്ളത്.

### 2.3. പദ്ധതിയുടെ സ്വഭാവം, ഘടന, പ്രദേശം, ലക്ഷ്യം, ചിലവ്, പ്രാപ്തി, നഷ്ടം എന്നിവ

| ക്രമ നം. | ഉണ്ടാകാവുന്ന നഷ്ടം | |
|---|---|---|
| 1. | കൃഷി ഭൂമിയുടെയും വരുമാനത്തിന്റെയും നഷ്ടം | 31 ഭൂവുടമകൾ |
| 2. | ജല സ്രോതസ്സുകളുടെ നഷ്ടം | 3 |
| 3. | നിർമ്മാണങ്ങളുടെ നഷ്ടം | 1 കട, 5 ചുറ്റുമതിലുകൾ കയ്യാലകൾ |
| 4. | പദ്ധതി പൂർത്തീകരിക്കുമ്പോൾ ഭവനത്തിലേക്കുള്ള പ്രവേശന മാർഗ്ഗം ബാധിക്കപ്പെടുകയും പദ്ധതിയുടെ വലിയ രീതിയിലുള്ള സാമീപ്യം കൊണ്ട് സ്വൈര്യ ജീവിതം തടസ്സപ്പെടുന്നു. | 2 ഭവനങ്ങൾ |
| 5. | പ്രവേശന മാർഗ്ഗങ്ങളുടെ നഷ്ടം / തടസ്സപ്പെടൽ | 20 മുതൽ 30 കുടുംബങ്ങൾ |
| 6. | ഭൂമി വിലയിൽ ഉണ്ടാവുന്ന കുറവ് | 10-15 കുടുംബങ്ങൾ |
| 7. | പ്രയോജനകരമല്ലാത്ത തുണ്ടു ഭൂമികളുടെ രൂപപ്പെടൽ | 5-6 ഭൂവുടമകൾ |
| 8. | നാണ്യ വിളകളുടെ നഷ്ടം | 22 ഭൂവുടമകൾ |
| 9. | മരങ്ങളുടെ നഷ്ടം | 1000- 1200 വരെ |
| 10. | ജീവിതോപാധികളുടെ നഷ്ടം | 2 |

KERALA VOLUNTARY HEALTH SERVICES * SHAY * COLLECTORATE P.O. KOTTAYAM-2 MULLAKKUZHI

| | | |
|---|---|---|
| 11. | ഭൂമി ഏറ്റെടുക്കൽ നടപടികളിൽ പങ്കാളിത്തം | 31 ഭൂവുടമകൾ |
| 12. | പരാതി പരിഹാരം | 31 ഭൂവുടമകൾ |
| 13. | ഏറ്റെടുക്കലിനു ശേഷം അവശേഷിക്കുന്ന ഭൂമിയുടെ പ്രയോജനകരമായ ഉപയോഗം | 11 ഭൂവുടമകൾ |

### 2.3.1. പദ്ധതി പ്രദേശം

നിർദ്ദേശിക്കപ്പെടുന്ന കാഞ്ഞിരപ്പള്ളി ബൈപ്പാസ് പദ്ധതി കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ കൊല്ലം തേനി നാഷണൽ ഹൈവേയിൽ പഞ്ചായത്ത് ജംഗ്ഷൻ മുതൽ റാണിഹോസ്പിറ്റൽ ജംഗ്ഷനിൽ വരെ നിലവിലുള്ള ഹൈവേയിൽ നിന്നും 50 മുതൽ 100 മീറ്റർ വരെ അകലത്തിൽ നിർമ്മിക്കുന്ന ബൈപ്പാസ് റോഡാണ്. കാഞ്ഞിരപ്പള്ളി പ്രദേശം കേരളത്തിന്റെ പശ്ചിമ ഘട്ടത്തിലെ മലനിരകളിലേക്കുള്ള പ്രവേശന കവാടവും റബർ ഉത്പാദനത്തിന്റെ കേന്ദ്ര സ്ഥാനവും ആണ്. ആദ്യകാല കുടിയേറ്റത്തിന്റെ പ്രേദശമായി അറിയപ്പെടുന്ന കാഞ്ഞിരപ്പള്ളിയുടെ സമ്പദ് വ്യവസ്ഥ പ്രധാനമായും റബർ ഉത്പാദനവുമായി ബന്ധപ്പെട്ടിരിക്കുന്നു. റബർ കൃഷിക്ക് അനുയോജ്യമായ കാലവസ്ഥ കാഞ്ഞിരപ്പള്ളിയെയും പരിസര പ്രദേശത്തിനെയും ലോകത്തിലെ തന്നെ ഏറ്റവും വലിയ റബർ ഉത്പാദന കേന്ദ്രമാക്കി മാറ്റിയിട്ടുണ്ട്. പാശ്ചാത്യ അധിനിവേശത്തോടുകൂടി പ്രചുര പ്രചാരം നേടിയ തോട്ടം കൃഷിക്ക് ആദ്യകാലം മുതൽ നിർണ്ണായക പ്രാധാന്യം ഉള്ള ഒരു സ്ഥലമാണ് പദ്ധതി പ്രദേശം. വർഷത്തിൽ 163 ദിവസവും മഴ ലഭിക്കുന്ന കാഞ്ഞിരപ്പള്ളി മഴക്കാടുകളുടെ കാലാവസ്ഥയുള്ളതും റബർ ഉത്പാദനത്തിന് അത്യുത്തമവും ആണ്. സിറിയൻ ക്രിസ്ത്യാനികൾ, മുസ്ലീംങ്ങൾ, ഹിന്ദുക്കൾ എന്നിവർ സാഹോദര്യത്തോടെ കഴിഞ്ഞുപോകുന്ന കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ പദ്ധതി കടന്നുപോകുന്നത് സിറിയൻ ക്രിസ്ത്യൻ കുടുംബങ്ങളുടെയും രണ്ട് മുസ്ലീം കുടുംബങ്ങളുടെയും കൈവശത്തിലുള്ള ഭൂമിയിലൂടെയാണ്.

### 2.4. പദ്ധതിനിർവ്വഹണ ഘട്ടം

ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾ ആരംഭിക്കുകയും അതിർത്തികല്ലുകൾ സ്ഥാപിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

### 2.5. പദ്ധതി രൂപരേഖയുടെ വിശദാംശങ്ങൾ

ബാധകമല്ല

### 2.6. പദ്ധതിക്ക് സഹായകരമായ മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

ബാധകമല്ല

### 2.7. ആവശ്യമായ തൊഴിലാളികളുടെ (സ്ഥിരം/ താൽക്കാലികം) ആവശ്യകത

ബാധകമല്ല

SHAK * KERALA VOLUNTARY HEALTH SERVICES * MULLANKUZHI COLLECTORATE P.O. KOTTAYAM-2

2.8. സാമൂഹിക പ്രത്യാഘാത പഠനമോ, പരിസ്ഥിതി ആഘാത പഠനമോ മറ്റ് സാധ്യതാ പഠനങ്ങളോ നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിവരങ്ങൾ

ബാധകമല്ല

2.9. പദ്ധതിയെ ബാധിക്കുന്ന നിയമങ്ങളും നയങ്ങളും

| ക്രമ നം. | നിയമവും നയങ്ങളും | ബാധിക്കുന്ന മേഖല |
|---|---|---|
| 1. | ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും 2013 | പ്രത്യാഘാത ലഘൂകരണം |
| 2. | ഭൂമി ഏറ്റെടുക്കൽ നിയമം 1893<br>ഭൂമി ഏറ്റെടുക്കൽ നിയമം (കേരളാ ചട്ടങ്ങൾ 1990)<br>ഭൂമി ഏറ്റെടുക്കൽ നിയമം 1961<br>ഭൂമി ഏറ്റെടുക്കൽ നിയമം<br>ചട്ടങ്ങൾ<br>ഗവൺമെന്റിന്റെ പുനരധിവാസ പുനസ്ഥാപന നയം | ഭൂമി ഏറ്റെടുക്കൽ<br>പുനരധിവാസവും പുനസ്ഥാപനവും |

KERALA VOLUNTARY HEALTH SERVICES * SHA * MULLANKUZHI COLLECTORATE P.O. KOTTAYAM-2

## അദ്ധ്യായം 3

## സാമൂഹിക പ്രത്യാഘാത പഠനം - സമീപനവും രീതി ശാസ്ത്രവും

### 3.1. പശ്ചാത്തലം

ജി.ഒ. (പി) നം. 31/2017/ആർ.ഡി. തീയതി 08/05/2017 പ്രകാരം കേരള സർക്കാർ സാജു.വി.ഇട്ടി, എക്സിക്യുട്ടീവ് ഡയറക്ടർ കേരളാ വി.എച്ച്.എസ്സ് നേയും അദ്ദേഹത്തിന്റെ ടീമിനെയും കാഞ്ഞിരപ്പള്ളി ബൈപ്പാസ് പദ്ധതിയുടെ സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്നതിനുള്ള യൂണിറ്റ് ആയി ഗവൺമെന്റ് ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സാമൂഹിക പ്രത്യാഘാത യൂണിറ്റ് രൂപപ്പെടുത്തി 2017 ഒക്ടോബർ 2018 ജനുവരി മാസം വരെ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയായിരുന്നു. എന്നാൽ പദ്ധതിയുടെ സുസ്ഥിരതയ്ക്ക് കൂടുതൽ ഭൂമി ആവശ്യമുണ്ട് എന്ന് നടപ്പാക്കൽ ഏജൻസി ആവശ്യപ്പെട്ടതനുസരിച്ച് കൂടുതലായി ഏറ്റെടുക്കുന്ന ഭൂമിയുടെ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിന് 2019 ഫെബ്രുവരി മാസം 22-ാം തീയതിലെ വിജ്ഞാപന പ്രകാരം കേരള സർക്കാർ സാജു.വി.ഇട്ടി, എക്സിക്യുട്ടീവ് ഡയറക്ടർ കേരളാ വി.എച്ച്.എസ്സ് നേയും അദ്ദേഹത്തിന്റെ ടീമിനെയും വീണ്ടും നിയോഗിക്കുകയായിരുന്നു.

### 3.2. സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് ടീമിന്റെ ഘടനയും വിവരങ്ങളും

| ക്രമ നം. | പേര്, മേൽവിലാസം | ടീമിലെ സ്ഥാനം | പ്രവർത്തന പരിചയവും മറ്റ് വിവരങ്ങളും |
|---|---|---|---|
| 1. | സാജു. വി.ഇട്ടി | ടീം ലീഡർ | 26 വർഷം സാമൂഹിക സേവന മേഖലയിൽ ഉള്ള പ്രവർത്തന പരിചയം. പുനരധിവാസ പുനസ്ഥാപന പ്രവർത്തനങ്ങളിലും സാമൂഹിക വിവരശേഖരണത്തിലും ഗവേഷണത്തിലും ഉള്ള പ്രവർത്തി പരിചയം. |
| 2. | രാകേഷ് ആർ. നായർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദൻ സാമൂഹിക വിവര ശേഖകൻ | 11 വർഷത്തെ പ്രവർത്തന പരിചയം |
| 3. | സ്മിത ആർ | പുനരധിവാസ പുനസ്ഥാപന വിദഗ്ദ, സാമൂഹിക വിവര ശേഖക | 16 വർഷത്തെ പ്രവർത്തന പരിചയം |
| 4. | എം.ഇബ്രാഹിംകുട്ടി | സാമൂഹിക ശാസ്ത്രജ്ഞൻ | Rtd.ജോയിന്റ് ഡയറക്ടർ സോഷ്യൽ വെൽഫെയർ ബോർഡ് 36 വർഷത്തെ പ്രവർത്തി പരിചയം |
| 5. | ഷീബ ജോൺസൻ | ഡേറ്റ അനലൈസർ & വിവര ക്രോഡീകരണം | 26 വർഷത്തെ പ്രവർത്തി പരിചയം |
| 6. | എൻ.വിജയകുമാര പിള്ള | ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ | Rtd. റവന്യു ഇൻസ്പെക്ടർ |
| 7. | ഒ.സി.ചാണ്ടി | ഉപദേശകൻ- ഭൂമി ഏറ്റെടുക്കൽ | Rtd. വില്ലേജ് ഓഫീസർ |

KERALA VOLUNTARY HEALTH SERVICES * SHAJ * COLLECTORATE P.O. KOTTAYAM-2 MULLANKUZHI

### 3.3. പഠന സമീപനം

പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന ഭൂമി 31 ഭൂവുടമകളുടെ ഉടമസ്ഥതയിലുള്ളതാണ്. സാമൂഹിക പ്രത്യാഘാത പഠനയൂണിറ്റ് 30 ഭൂവുടമകളെയും ഒരു ഭൂവുടമ തനിക്കുവേണ്ടി ചുമതലപ്പെടുത്തിയിട്ടുള്ള വ്യക്തിയെയും നേരിട്ടു കാണുകയും വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. കൂടാതെ നേരത്തെ തയ്യാറാക്കിയ സാമൂഹിക- സാമ്പത്തിക വിവര ശേഖരണ ചോദ്യാവലി ഉപയോഗപ്പെടുത്തി പദ്ധതി ബാധിത കുടുംബങ്ങളുടെ വിവര ശേഖരണം നടത്തുകയും ആയത് ക്രോഡീകരിച്ച് വിശകലനം നടത്തുകയും ചെയ്തു. കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലം എം.എൽ.എ, പഞ്ചായത്ത് പ്രസിഡന്റ്, മറ്റ് തദ്ദേശ സ്വയംഭരണ അംഗങ്ങൾ, ജന പ്രതിനിധികൾ, വില്ലേജ് ഓഫീസർ, സ്പെഷ്യൽ തഹസിൽദാർ, പദ്ധതി പ്രദേശത്തെ പൊതുകാര്യ പ്രസക്തർ എന്നിവരെ സന്ദർശിച്ച് പദ്ധതിക്ക് ആവശ്യമായ വിവര ശേഖരണം നടത്തുകയുണ്ടായി.

### 3.4. പദ്ധതിയുടെ രീതി ശാസ്ത്രവും നടപ്പിലാക്കിയ മാർഗ്ഗങ്ങളും

സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് കോട്ടയം സ്പെഷ്യൽ തഹസിൽദാർ ഓഫീസിൽ നിന്നും ഏറ്റെടുക്കുന്ന ഭൂമി സംബന്ധമായ വിവരങ്ങൾ ശേഖരിക്കുകയും ഫീൽഡ് ഉദ്യോഗസ്ഥരുടെ സഹായത്തോടെ കൂട്ടായ പരിശോധന നടത്തുകയും ചെയ്തു. പദ്ധതി രൂപരേഖയ്ക്കു വേണ്ടി റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷനെ സമീപിച്ചെങ്കിലും ആയത് ലഭ്യമായില്ല. പഠന യൂണിറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സന്ദർശിച്ച് പദ്ധതി സംബന്ധമായ രേഖകൾ, കത്തിടപാടുകൾ എന്നിവ പരിശോധിച്ച് പദ്ധതിയുടെ ചരിത്രം, പുരോഗതി എന്നിവ കണ്ടെത്തുകയുണ്ടായി. പദ്ധതി ബാധിതരുമായി നേരിട്ട് സംസാരിച്ചും വിവര ശേഖരണ ചോദ്യാവലി ഉപയോഗപ്പെടുത്തിയും ആവശ്യമായ വിവരങ്ങൾ ശേഖരിച്ചു. പദ്ധതി ബാധിതരുടെ യോഗങ്ങൾ വിളിച്ച് കണ്ടെത്തലുകൾ അവതരിപ്പിക്കുകയും നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു.

### 3.5. വിവര ശേഖരണ കേന്ദ്രങ്ങൾ

1. സ്പെഷ്യൽ തഹസിൽദാർ ( എൽ.എ), കോട്ടയം
2. പദ്ധതി സംബന്ധമായി ഉണ്ടായ കോടതി വ്യവഹാര രേഖകൾ
3. ഗ്രാമ പഞ്ചായത്ത് കാര്യാലയം, കാഞ്ഞിരപ്പള്ളി
4. വില്ലേജ് ഓഫീസ് , കാഞ്ഞിരപ്പള്ളി

### 3.6. നടപടികളും സമയക്രമങ്ങളും

22/02/2019- സാമൂഹിക പ്രത്യാഘാത പഠന യൂണിറ്റ് രൂപപ്പെടുത്തി കൊണ്ടുള്ള സർക്കാർ വിജ്ഞാപനം

10/5/ 2019 - 25/05/2019 - സാമൂഹിക പ്രത്യാഘാത പഠനം.

16/05/2019 - പദ്ധതി ബാധിതരുടെ പൊതു ചർച്ച

28/05/2019 -കരട് റിപ്പോർട്ട്

### 3.7. പദ്ധതി ബാധിതരുമായുള്ള കൂടിക്കാഴ്ചയിൽ ഉന്നയിക്കപ്പെട്ട പ്രധാന അഭിപ്രായങ്ങൾ

1. ഇട റോഡിന്റെ പുനസ്ഥാപനത്തിന് വേണ്ടി പ്രധാന പദ്ധതി രൂപരേഖയിൽ കൂട്ടി ചേർത്തിരിക്കുന്ന ഇട റോഡിന്റെ പദ്ധതി രൂപ രേഖ റദ്ദാക്കി പദ്ധതി ബാധിതരുടെ ബദൽ നിർദ്ദേശം പരിഗണിക്കണം.

2. പദ്ധതി മൂലം പാർക്കിംഗ് ഏരിയ ബാധിക്കുന്ന ബഹുനില വ്യാപാര കെട്ടിടത്തെ പദ്ധതി ബാധിതമായി കണക്കാക്കണം.

3. പഞ്ചായത്ത് കെട്ടിടത്തിന്റെ സുരക്ഷിതത്തം ഉറപ്പാക്കണം.

4. പദ്ധതി സംബന്ധമായുള്ള ബദൽ നിർദ്ദേശങ്ങൾ സാങ്കേതിക പരിശോധനകൾക്ക് വിധേയമാക്കി ജനോപകാരപ്രദമായ പദ്ധതി തെരഞ്ഞെടുക്കണം.

5. നിർദ്ദിഷ്ട പദ്ധതി ഉദ്ദേശ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ പര്യാപ്തമല്ല.

6. നിർദ്ദിഷ്ട പദ്ധതി പദ്ധതി ബാധിത കുടുംബങ്ങളുടെ ഇപ്പോഴുള്ള സ്വര്യൈ സ്വകാര്യ ജീവിതത്തെ പൂർണ്ണമായും ഇല്ലാതാക്കും

7. പദ്ധതി പ്രദേശത്തെ പ്രധാന ജല സ്രോതസ്സുകളെ ബാധിക്കും

8. ബാധിക്കപ്പെടുന്ന ഭൂമിയുടെയും നിർമ്മാണങ്ങളുടെയും, വിളകളുടെയും നഷ്ട പരിഹാരം ഓരോ ഭൂമിയുടെയും പ്രത്യേകതയും സ്വഭാവും കണക്കാക്കി നിർണ്ണയിക്കണം.

9. നിർദ്ദിഷ്ട പദ്ധതി 4-5 സ്വകാര്യ റോഡുകളെ ബാധിക്കുന്നു. ടി റോഡുകളിലൂടെയുള്ള ഗതാഗതം പുനസ്ഥാപിക്കപ്പെടണം.

10. പദ്ധതി പ്രധാനമായും തോട്ടവിള ഭൂമിയിലൂടെയാണ് കടന്നു പോകുന്നത്. തോട്ടവിള നിയമങ്ങളിൽ ആവശ്യമായ ഇളവുകൾ നഷ്ടപരിഹാര രൂപരേഖയിൽ ഉൾപ്പെടുത്തണം.

11. ഉപയോഗ്യ ശൂന്യമായ തുണ്ടു ഭൂമികൾ സർക്കാർ ഏറ്റെടുക്കുകയും നഷ്ടപരിഹാരം നൽകുകയും ചെയ്യണം.

12. നിർദ്ദിഷ്ട ബൈപ്പാസ് സംബന്ധമായ സാങ്കേതിക വിവരങ്ങളും റോഡിന്റ ഉയരം, നിരപ്പ് തുടങ്ങിയ കാര്യങ്ങളും പദ്ധതി ബാധിതരെ ബോധ്യപ്പെടുത്തണം.

### 3.8. പബ്ലിക് ഹിയറിംഗ്

22-06-2019 ൽ കാഞ്ഞിരപ്പള്ളി പഞ്ചായത്ത് ടൗൺ ഹാളിൽ വച്ച് നടന്ന പൊതു അഭിപ്രായ സ്വീകരണത്തിൽ (ഫോറം- 5, റൂൾ 14 (1), ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമവും ചട്ടങ്ങളും 2013) പദ്ധതി ബാധിതർ ഉന്നയിച്ച പ്രധാന കാര്യങ്ങൾ ആണ് താഴെ കൊടുത്തിരിക്കുന്നത്. ശ്രീ. എൻ.ജയരാജ് എം.എൽ.എ, കാഞ്ഞിരപ്പള്ളി, ശ്രീമതി ഷക്കീല നസീർ, പ്രസിഡന്റ്, കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്ത്, ശ്രീ ജോഷി തോമസ്സ്, മെമ്പർ, കാഞ്ഞിരപ്പള്ളി ഗ്രാമ പഞ്ചായത്ത്, ശ്രീ.പി.രാജൻ, ഡപ്യൂട്ടി കളക്ടർ, ആർ.ബി.ഡി.സി.എ, എറണാകുളം, ശ്രീ.അജ്മൽഷ, പ്രൊജക്റ്റ് മാനേജർ, ആർ.ബി.ഡി.സി.എ, ശ്രീ. ബെന്നി, ഡെപ്യൂട്ടി തഹസിൽദാർ, ഭൂമി ഏറ്റെടുക്കൽ, കോട്ടയം, ശ്രീ.ഷൈജു. കെ.ലാസർ, സർവ്വേയർ എന്നിവർ യോഗത്തിൽ പങ്കെടുക്കുകയും പദ്ധതി ബാധിതരുടെ വിവിധങ്ങളായ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

| ക്രമനം. | അഭിപ്രായങ്ങൾ | വിശദീകരണം |
|---|---|---|
| 1 | ശ്രീ.റ്റി.ജെ.തോമസ്സ്, തുമ്പശ്ശേരി അദ്ദേഹത്തിന്റെ കുടിവെള്ള സ്രോതസ്സായ കിണർ സംരക്ഷിക്കണമെന്ന് അഭ്യർത്ഥിച്ചു. | പദ്ധതി രൂപരേഖ പ്രകാരം കുടിവെള്ള കിണർ പൂർണ്ണമാ.യും ബാധിക്കപ്പെടുന്നതാണ്. നടപ്പാക്കൽ ഏജൻസി വേണ്ട പരിശോധനകൾ നടത്താമെന്ന് അറിയിച്ചു. അപേക്ഷ റിപ്പോർട്ടിനൊപ്പം കൂട്ടി ചേർക്കുന്നു. |
| 2. | ഡോ.ജോൺ എം.ജോൺ പദ്ധതി മൂലം സൃഷ്ടിക്കപ്പെടാൻ സാധ്യതയുള്ള അദ്ദേഹത്തിന്റെ തുണ്ടു ഭൂമി കൂടി ഏറ്റെടുക്കണമെന്നും പദ്ധതി പൂർത്തീകരണത്തിന് | തുണ്ടു ഭൂമി ഏറ്റെടുക്കലിൽ ഉൾപ്പെടുത്താവുന്നതാണോ എന്ന് പരിശോധിക്കുമെന്നും മേൽപ്പാലത്തിന്റെ കീഴിലുള്ള ഭൂമിയുടെ ഉപയോഗം പദ്ധതി നിർവ്വഹണത്തിന്ന ശേഷം |

| | | |
|---|---|---|
| | ശേഷം മേൽപ്പാലത്തിന്റെ അടിവശത്തായി അദ്ദേഹത്തിന്റെ ഭൂമിയിൽ ഉണ്ടാവുന്ന സർക്കാർ ഭൂമി സാമൂഹിക വിരുദ്ധർ ഉപയോഗിക്കുന്ന വിധം തനിക്ക് ഉപയോഗത്തിനായി വിട്ടു നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. | നടപ്പാക്കലും സംരക്ഷണവും രൂപരേഖയിൽപ്പെടുത്തി പരിഗണിക്കാവുന്നതാണ്. അപേക്ഷ റിപ്പോർട്ടിനോടുകൂടി കൂട്ടി ചേർക്കുന്നു. |
| 3. | ശ്രീ.വർക്കി ജോർജ്ജ് കരിമ്പനാൽ തന്റെ വാണിജ്യ പ്രധാന കെട്ടിടത്തിന്റെ പാർക്കിംഗ് ഏരിയ പുനസ്ഥാപിച്ചോ, സംരക്ഷിച്ചോ നൽകണമെന്നും തന്റെ വീട്ടിലേക്കുള്ള വഴി പുനസ്ഥാപിച്ച് നൽകണമെന്നും ആവശ്യപ്പെട്ടു. | അപേക്ഷ പരിശോധിക്കാമെന്ന് നടപ്പാക്കൽ ഏജൻസി അറിയിച്ചു. അപേക്ഷ റിപ്പോർട്ടിനോടുകൂടി കൂട്ടി ചേർക്കുന്നു. |
| 4 | ശ്രീ.റ്റോം.കെ.വർക്കി, കല്ലറയ്ക്കൽ തന്റെ വീട്ടിലേക്കുള്ള പ്രവേശന മാർഗ്ഗവും ബാധിക്കപ്പെടുന്ന ജനൽ ഷെയ്ഡും സംരക്ഷിക്കത്തക്ക വിധം പദ്ധതി രൂപരേഖയിൽ മാറ്റം വരുത്തണമെന്ന് അഭ്യർത്ഥിച്ചു. | അപേക്ഷ പരിശോധിക്കാമെന്നും പുനരധിവാസ പുനർവാസ രൂപരേഖയിൽപ്പെടുത്തി പ്രത്യാഘാതം പരിഹരിക്കാമെന്നും നടപ്പാക്കൽ ഏജൻസി അറിയിച്ചു. |
| 5. | ശ്രീ. ജോർജ്ജ് വർക്കി, കല്ലറയ്ക്കൽ അദ്ദേഹത്തിന്റെ കുടിവെള്ള സ്രോതസ്സായ കിണർ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടു. | അപേക്ഷ പരിശോധിക്കാമെന്നും പുനരധിവാസ പുനർവാസ രൂപരേഖയിൽപ്പെടുത്തി പ്രത്യാഘാതം പരിഹരിക്കാമെന്നും നടപ്പാക്കൽ ഏജൻസി അറിയിച്ചു. |
| 6. | ശ്രീ.കെ.കെ.സെബാസ്റ്റ്യൻ, കല്ലറയ്ക്കൽ അദ്ദേഹത്തിന്റെ ശുദ്ധജല സ്രോതസ്സായ കുളം സംരക്ഷിക്കണമെന്ന് അഭ്യർത്ഥിച്ചു. | അപേക്ഷ പരിശോധിക്കാമെന്നും പുനരധിവാസ പുനർവാസ രൂപരേഖയിൽപ്പെടുത്തി പ്രത്യാഘാതം പരിഹരിക്കാമെന്നും നടപ്പാക്കൽ ഏജൻസി അറിയിച്ചു. |
| 7. | ശ്രീ.എബ്രാഹം ജോസി, നന്തിക്കാട്ട് അദ്ദേഹത്തിന്റെ ഭൂമിയിൽ നിന്നും പുതുതായി രൂപപ്പെടുന്ന ബൈപ്പാസ് റോഡിലേക്ക് പ്രവേശന മാർഗ്ഗം ലഭ്യമാകത്തക്ക വിധം പദ്ധതി രൂപരേഖയിൽ മാറ്റങ്ങൾ വരുത്തണമെന്ന് അഭ്യർത്ഥിച്ചു. | അപേക്ഷ പരിശോധിക്കാമെന്നും പുനരധിവാസ പുനർവാസ രൂപരേഖയിൽപ്പെടുത്തി പ്രത്യാഘാതം പരിഹരിക്കാമെന്നും നടപ്പാക്കൽ ഏജൻസി അറിയിച്ചു. |
| 8 | നഷ്ട പരിഹാരത്തെക്കുറിച്ചോ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ സമയക്രമത്തെകുറിച്ചോ, സാമൂഹ്യ പ്രത്യാഘാത പഠനത്തിൽ പരാമർശിക്കുന്നില്ല. | സാമൂഹ്യ പ്രത്യാഘാത പഠനം ഒരിക്കലും നഷ്ട പരിഹാര നിർണ്ണയം നടത്തുകയോ, ഭൂമി ഏറ്റെടുക്കലിന്റെ സമയക്രമം നിശ്ചയിക്കുകയോ ചെയ്യുന്നില്ല. മറിച്ച് പദ്ധതി മൂലം ഉണ്ടാകുന്ന സാമൂഹ്യ പ്രത്യാഘാതങ്ങളെ കണ്ടെത്തുകയും അതിനെ കുറയ്ക്കാൻ ആവശ്യമായ നടപടികൾ എടുക്കാൻ ഗവൺമെന്റിന് പ്രാപ്തിയുണ്ടോ എന്ന് കണ്ടെത്തുകയുമാണ്. |
| 9 | പുതുതായി നിർമ്മിക്കപ്പെടുന്ന പാതയുടെ ഉയർച്ച താഴ്ച സംബന്ധമായ കാര്യങ്ങൾ ജനങ്ങളുടെ അറിവിലേക്ക് നൽകേണ്ടതും തദ്ദേശ വാസികളുടെ | നടപ്പാക്കൽ ഏജൻസി പ്രതിനിധികൾ പദ്ധതി ബാധിതരുടെ ഈ നിർദ്ദേശത്തെ സ്വാഗതം ചെയ്യുകയും അഭിപ്രായങ്ങൾ സാങ്കേതികമായി സ്വീകരിക്കാൻ പറ്റുന്നതാ |

| | | |
|---|---|---|
| | അനുഭവ ജ്ഞാനം സാങ്കേതിക രൂപരേഖയുടെ തയ്യാറെടുപ്പിൽ പ്രയോജനപ്പെടുത്തേണ്ടതുമാണ്. | ണെങ്കിൽ ഉൾപ്പെടുത്താൻ തയ്യാറാണ് എന്ന് അറിയിക്കുകയുണ്ടായി. |
| 10 | ഭൂമി ഏറ്റെടുക്കൽ നടപടികൾ സമയ ബന്ധിതമായി പൂർത്തീകരിക്കണം | റിപ്പോർട്ടിൽ ഇക്കാര്യം സൂചിപ്പിക്കുകയും പ്രത്യാഘാത ലഘൂകരണത്തിന് ഇത് അത്യാവശ്യമാണ് എന്ന ചൂണ്ടികാട്ടുകയും ചെയ്തിട്ടുണ്ട്. |
| 11 | പദ്ധതിക്ക് വേണ്ടിയുള്ള മണ്ണ് എടുക്കലും മണ്ണ് നിറയക്കലും സമീപസ്ഥമായ ഭവനങ്ങളുടെ നിലനിൽപ്പിനെ അപകടത്തിലാക്കും. | ഇക്കര്യം പദ്ധതി നടപ്പാക്കൽ സമയത്ത് പരിശോധിക്കുകയും വീടുകളുടെ നിലനിൽപ്പിന് സംരക്ഷണം കൊടുത്തു കൊണ്ടുളള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യും. എന്നാൽ ഏതെങ്കിലും വിധത്തിൽ പ്രസ്തുത സംരക്ഷണം സാധ്യമാകാതെ വന്നാൽ മതിയായ പുനരധിവാസം ഉറപ്പുവരുത്തുമെന്ന് നടപ്പാക്കൽ ഏജൻസി അറിയിച്ചു. |
| 12 | പദ്ധതി രൂപരേഖ പൊതുജനങ്ങളുടെ പൊതു അറിവിലേക്കും പരിശോധനയക്കും ലഭ്യമാക്കണം. ഏതെങ്കിലും സാധ്യതയിൽ അതിർത്തി കല്ലുകൾ മാറ്റി സ്ഥാപിക്കേണ്ടി വന്നാൽ ഭൂവുടമയെ മുൻകൂട്ടി അറിയിച്ച് ഉടമയുടെ സാന്നിധ്യത്തിൽ വേണം നടപടികൾ പൂർത്തീകരിക്കേണ്ടത്. | പദ്ധതിയുമായി ബന്ധപ്പെട്ട രൂപരേഖയിൽ നാളിതുവരെ കാര്യമായ ഒരു മാറ്റവും വരുത്തിയിട്ടില്ല എന്ന് നടപ്പാക്കൽ ഏജൻസിയുടെ പ്രതിനിധികൾ യോഗത്തെ അറിയിച്ചു. എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെങ്കിൽ അത് അതിർത്തി കല്ലുകളുടെ സ്ഥാപനത്തിലുണ്ടായ തെറ്റ് തിരുത്തലിന്റെ ഭാഗമായാണ്. |
| 13 | ജല നിർഗ്ഗമനത്തിനും ജലസേചനത്തിനുമുള്ള കനാലുകൾ സംരക്ഷിക്കപ്പെടേണ്ടതാണ്. | പ്രത്യാഘാത പഠന റിപ്പോർട്ട് ഇക്കാര്യം നിർദ്ദേശിക്കുന്നു. |
| 14 | ഭൂമി ഏറ്റെടുക്കലിനു ശേഷം ഉണ്ടാവുന്ന തുണ്ടു ഭൂമികളും ഗവൺമെന്റ് ഏറ്റെടുക്കണം. | പ്രത്യാഘാത പഠന റിപ്പോർട്ടും പുനർവാസ-പുനരധിവാസ നയരൂപരേഖയും ഇക്കാര്യം നിർദ്ദേശിക്കുന്നു. |
| 15 | ഏറ്റെടുക്കലിനു ശേഷമുള്ള ഭൂമിയിലേക്കുള്ള പ്രവേശന മാർഗ്ഗങ്ങൾ പുനസ്ഥാപിക്കപ്പെടണം. | പ്രത്യാഘാത പഠന റിപ്പോർട്ടും പുനർവാസ-പുനരധിവാസ നയരൂപരേഖയും ഇക്കാര്യം നിർദ്ദേശിക്കുന്നു. |

## അദ്ധ്യായം 4

## പദ്ധതി ഭൂമിയുടെ വിശകലനം

### 4.1. ഭൂമിയുടെ വിവരണം

നിർദ്ദേശിക്കപ്പെടുന്ന കാഞ്ഞിരപ്പള്ളി ബൈപ്പാസ് പദ്ധതി കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ കൊല്ലം തേനി നാഷണൽ ഹൈവേയിൽ പഞ്ചായത്ത് ജംഗ്ഷൻ മുതൽ റാണി ഹോസ്പിറ്റൽ ജംഗ്ഷനിൽ വരെ നിലവിലുള്ള ഹൈവേയിൽ നിന്നും 50 മുതൽ 100 മീറ്റർ വരെ അകലത്തിൽ നിർമ്മിക്കുന്ന ബൈപ്പാസ് റോഡാണ്. കാഞ്ഞിരപ്പള്ളി പ്രദേശം കേരളത്തിന്റെ പശ്ചിമ ഘട്ടത്തിലെ മലനിരകളിലേക്കുള്ള പ്രവേശന കവാടവും റബർ ഉത്പാദനത്തിന്റെ കേന്ദ്ര സ്ഥാനവും ആണ്. ആദ്യകാല കുടിയേറ്റത്തിന്റെ പ്രദശമായി അറിയപ്പെടുന്ന കാഞ്ഞിരപ്പള്ളിയുടെ സമ്പദ് വ്യവസ്ഥ പ്രധാനമായും റബർ ഉത്പാദനവുമായി ബന്ധപ്പെട്ടിരിക്കുന്നു. റബർ കൃഷിക്ക് അനുയോജ്യമായ കാലവസ്ഥ കാഞ്ഞിരപ്പള്ളിയെയും പരിസര പ്രദേശത്തിനെയും ലോകത്തിലെ തന്നെ ഏറ്റവും വലിയ റബർ ഉത്പാദന കേന്ദ്രമാക്കി മാറ്റിയിട്ടുണ്ട്. പാശ്ചാത്യ അധിനിവേശത്തോടുകൂടി പ്രചുര പ്രചാരം നേടിയ തോട്ടം കൃഷിക്ക് ആദ്യകാലം മുതൽ നിർണ്ണായക പ്രാധാന്യം ഉള്ള ഒരു സ്ഥലമാണ് പദ്ധതി പ്രദേശം. വർഷത്തിൽ 163 ദിവസവും മഴ ലഭിക്കുന്ന കാഞ്ഞിരപ്പള്ളി മഴക്കാടുകളുടെ കാലാവസ്ഥയുള്ളതും റബർ ഉത്പാദനത്തിന് അത്യുത്തമവും ആണ്. സിറിയൻ ക്രിസ്ത്യാനികൾ, മുസ്ലീംങ്ങൾ, ഹിന്ദുക്കൾ എന്നിവർ സാഹോദര്യത്തോടെ കഴിഞ്ഞുപോകുന്ന കാഞ്ഞിരപ്പള്ളി പഞ്ചായത്തിൽ പദ്ധതി കടന്നുപോകുന്നത് സിറിയൻ ക്രിസ്ത്യൻ കുടുംബങ്ങളുടെയും രണ്ട് മുസ്ലീം കുടുംബങ്ങളുടെയും കൈവശത്തിലുള്ള ഭൂമിയിലൂടെയാണ്.

### 4.2. പദ്ധതി പ്രദേശത്തിൽ ഉണ്ടായേക്കാവുന്ന പൊതുവായ പ്രത്യാഘാതം.

നിർദ്ദിഷ്ട കാഞ്ഞിരപ്പള്ളി ബൈപ്പാസ് പദ്ധതി നേരിട്ടു ബാധിക്കുന്നത് 31 കൈവശ ഭൂമികളെയാണ്. എങ്കിലും പദ്ധതിയുടെ നേരിട്ട് അല്ലാത്ത പ്രത്യാഘാതം 300 മുതൽ 400 വരെ ഏക്കർ പ്രദേശത്തെ ബാധിക്കുന്നുണ്ട്. കെ.കെ. റോഡിനും മണ്ണാറക്കയം 26-ാം മൈൽ റോഡിനും മധ്യേ സ്ഥിതി ചെയ്യുന്ന 200 മുതൽ 250 ഓളം ഭവനങ്ങളെ പദ്ധതിയുടെ ഗുണഫലങ്ങൾ ബാധിക്കുന്നു. ഈ പ്രദേശം പ്രധാനമായും തോട്ടവിളകൾ കൃഷി ചെയ്യുന്ന ഭൂമിയാണ്. പദ്ധതി മൂലം ഉണ്ടാവാൻ സാധ്യതയുള്ള ഭൂമി വില വർദ്ധന, വർദ്ധിക്കുന്ന ഭൂമി കൈമാറ്റങ്ങൾ, ഗതാഗത സൗകര്യങ്ങളുടെ പുരോഗതി എന്നിവ കാഞ്ഞിരപ്പള്ളി പഞ്ചായത്തിനെ പൂർണ്ണമായും എരുമേലി, ചിറക്കടവ് പഞ്ചായത്തുകളെ ഭാഗികമായും സ്വാധീനിക്കും. കൂടാതെ കാഞ്ഞിരപ്പള്ളി പട്ടണത്തിന്റെ വ്യാപ്തി ഉദ്ദേശം ഒരു കിലോമീറ്റർ ചുറ്റളവിൽ വർദ്ധിക്കാൻ സാധ്യതയുണ്ട്.

### 4.3. പദ്ധതിക്ക് ആവശ്യമായ ഭൂമിയുടെ വിവരണം.

പദ്ധതിക്കു വേണ്ടി 9.59422 ഏക്കർ (3.8843 ഹെക്ടർ) ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിൽ 3.0813 ഹെക്ടറിന്റെ സാമൂഹ്യ പ്രത്യാഘാത പഠനം 2017 മെയ് 8-ലെ സർക്കാർ വിജ്ഞാപന പ്രകാരം പൂർത്തീകരിക്കുകയും 2018 ജനുവരി 12 ന് അന്തിമ റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. നടപ്പാക്കൽ ഏജൻസിയുടെ അഭിപ്രായ പ്രകാരം പദ്ധതിയുടെ അഭിവാജ്യ ഘടകമായ ഒരു ഇട റോഡിന്റെ പുനസ്ഥാപനത്തിനും കൊല്ലം തേനി ദേശീയ പാതയിൽ നിന്നുമുള്ള ബൈപ്പാസിന്റെ തുടക്കത്തിലും അവസാനത്തിലുമുള്ള വികസനത്തിനാണ് കൂടുതലായി 0.803 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നത്. കൂടുതലായി ഏറ്റെടുക്കുന്ന ഈ ഭൂമി മുൻ പ്രത്യാഘാത സാമൂഹ്യ പഠനത്തിൽ



SHAKS * KERALA * HEALTH SERVICES COLLECTORATE P.O. KOTTAYAM-2

ഉൾപ്പെട്ട 24 ഭൂവുടമകളുടെയും കൂടുതലായി കണ്ടെത്തിയ 7 ഭൂവുടമകളുടെയും കൂട്ടി 31 പേരുടേതാണ്.

